# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3444** **14.10.2011-ൽ മറുപടിക്ക്**

## മലപ്പുറം കോട്ടപ്പടി സ്റ്റേഡിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) മലപ്പുറം കോട്ടപ്പടി സ്റ്റേഡിയം നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) ഇതിന്റെ നവീകരണത്തിനായി സിവിൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്. പണികൾ 70% പൂർത്തീകരിച്ചു കഴിഞ്ഞു; |
| (ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; | (ബി) ഇതിനായി ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 1000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്; |
| (സി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക വകയിരുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടി നവീകരണ പരിപാടി യാഥാർത്ഥ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) ഉണ്ട്. ഇതിനായി 31.03.2011-ൽ ഉപധനാഭ്യർത്ഥന പ്രകാരം 1.50 കോടി രൂപ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് കൈമാറുകയും സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ